

ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂൾ
പറവൂർ
ഒരു ലിറ്റിൽ കൈറ്റ്സ് പ്രസിദ്ധീകരണം
Kerala Infrastructure and Technology for Education
Presents
little KITEs
ആരവം
2019-20



*വിവരസാങ്കേതികവിദ്യയുടെഅസാധാരണമായവളർച്ചവളരെ വലിയരീതിയിൽവ്യാപകമായഇക്കാലത്തുഎഴുത്തോലയിൽനിന്ന് ഡെസ്ക്ടോപ്പിലേക്കുലേഖനവിദ്യവളർന്നകാലത്തുനമ്മുടെലിറ്റിൽ കൈറ്റ്സ്പ്രതിഭകൾതയാറാകുന്നഐടിമാഗസിന്ആശംസകൾ നേരുന്നു*

*H M*

*T. KUNJUMON SIR*


ആരവമുയരുന്നുണ്ട്
ഈ കലാലയമുറ്റത്തും
പഠനത്തിന്റെ ..........
കായികവിനോദത്തിന്റെ ........
കലാപ്രകടനത്തിന്റെ .........
സാമൂഹ്യസേവനത്തിന്റെ .........അങ്ങനെ
ഒത്തിരിയൊത്തിരി ........
അവയുടെ അലയൊലികൾ
അക്ഷരങ്ങളായ് .......
ചിത്രങ്ങളായ് .......
നവസാങ്കേതികവിദ്യയിലൂടെ
അടയാളപ്പെടുത്തുവാനുള്ള ശ്രമം
ആരവമായ് ......
ഉണർത്തുപാട്ടായ് .......
ഓർമ്മപെടുത്തലായ് .......
സ്നേഹത്തോടെ
ചീഫ് എഡിറ്റർ
മാളവിക എസ്സ്
Vinayak photography



# ശലഭമഴ

ഓരോ ഗ്രീഷ്മരാവിലും
കുഴിച്ചുമൂടപ്പെട്ട പ്രണയമെല്ലാം
ഓരോ ഹേമന്ദത്തിലും
പൂത്തുലയുമ്പോൾ
ശലഭമഴ പെയ്തിറങ്ങും

അതിലൊന്ന് ചിറകടിച്ചു
നിന്റെ കവിളോരം വന്നിരിയ്ക്കും
മിഴികളിൽ സാക്രതം നോക്കിയിരിക്കും
പ്രണയാർദ്രമായി ചുംബിക്കും

നീ ,ഡയറിത്താളൊന്നും മറിക്കുക
അതിലെന്റെ പേര്
ചുവന്ന മഴിവൃത്തം വരച്ചു
ബന്ധിച്ചിരിക്കും

മഞ്ഞുതിർന്ന പുലരിയിലൊരു
ശലഭം നിറംവാർന്നു
ചിറകടർന്നു ജനൽപ്പടിമേൽ

ക്ഷണിക്കപ്പെടാത്ത ജൂനലിനപ്പുറം
വീണ്ടും ഗ്രീഷ്മം പുകഞ്ഞെത്തും
ശലഭത്തെ ചിറകടരാതെ പതുക്കെ,
നെഞ്ചോട് ചേർക്കുക

നിന്റെ നെടുവീർപ്പുകൾ കൊണ്ട്
പൊതിഞ്ഞെടുക്കുക
വിഷാദപുസ്തകം തുറന്നു വായിക്കുക
ഓർമ്മകളുടെ മറുപുറത്തു
കുഴിച്ചു മൂടുക "

പിന്നെയുള്ള ഓരോ പുലർകാലത്തും
നിന്റെ ജനൽപ്പടിമേൽ
ഇതളുകൾ മലരാത്ത പുതുപുഷ്പമായി
ഞാൻ വീണുകിടപ്പുണ്ടാവും

അൻസാരി റഹ്മത്തുള്ള
അദ്ധ്യാപകൻ

കവിത

# കുഞ്ഞു മഴതുള്ളി

ഊഷ്മാവിൽ  നിന്നും ജന്മം പൂണ്ടു
അവൾ ,ജലത്തുള്ളിയായി
മാറി അവൾ പാരിലിന്നു
കുഞ്ഞു മഴതുള്ളി ഭൂമിയെ
സ്പർശിച്ച ,പച്ചില ചാർത്തിൻ വിടവിലൂടെ
ഭൂമിക്കു ജീവൻ നല്കിയവൾ
കൊടും വേനലിൽ താങ്ങായി
നിന്നവൾ മഴതുള്ളി
ജീവിത പടർപ്പിന്റെ വേരുകൾക്ക്
താങ്ങായി നിന്നവൾ കുഞ്ഞു മഴതുള്ളി
സ്വന്തം ജീവൻ ഉപേക്ഷിച്ച
പച്ചപ്പ് വിരിച്ചവൾ മഴതുള്ളി
മേഘപടർപ്പിന്റെ ശ്വാസം നിലച്ച
അവൾ ഭൂമിയിൽ ശ്വാസമുണർത്തി വന്നു
അമ്മയാം മേഘത്തിൻ ഉദരത്തിൽ
നിന്ന് പൊഴിഞ്ഞു വീണ അവൾ ഭൂമിയിലേക്ക്
അമ്മക്ക് ഓമനയാം കുഞ്ഞു മഴതുള്ളി
സ്വാന്തനമേകി ഭൂമിയിലെ മക്കൾക്ക്
എന്നാൽ ഒരു നാൾ എല്ലാം നിലച്ച
ഭീഷണിയായവൾ അഗ്നി മഴയായി
പ്രളയത്തിൽ തീക്ഷ്ണതയേറ്റ കാലം
മാനവർ നേരിട്ട ഭീഷണിയായി മാറിയവൾ
എല്ലാം നശിച്ച പാരിലിന്നു
കാരണമായി മാറിയവൾ പാവം മഴതുള്ളി
മാനവർ ചെയ്തികൾ സഹിച്ച പ്രകൃതി
മഴയെ ഏല്പിച്ച പ്രതികാര ദാഹം
കലിതുള്ളി എത്തിയവൾ കുഞ്ഞു മഴതുള്ളി

deepapraveenphotography


എല്ലാം നശിച്ചു പാരിലിന്നു
മാനവർ ജീവൻ നശിപ്പിച്ചു പാരിലിന്നു
സാന്ദ്വനമായവൾ പ്രതികാരദാഹിയായി
എങ്കിലും നല്ലവൾ കുഞ്ഞു മഴത്തുള്ളി
ശ്രീലക്ഷ്മി പി
10B
deepapraveenphotography

# ഇല പൊഴിയും കാലം

വിനയ് പി

ആ വൃദ്ധ തന്റെ ഓർമകളെ പൊടിതട്ടിയെടുത്തു .ഓർമകൾ ഒരു തീവണ്ടിയേക്കാൾ വേഗത്തിൽ പിന്നോട്ടു സഞ്ചരിച്ചു .അവരുടെ ഉള്ളിൽ നിന്നാരോ പറയാൻ തുടങ്ങി .

ഞാനൊരു അമ്മയാണ് ,അമ്മുമ്മയാണ് അങ്ങനെ തന്റെ മകളെ സ്നേഹിച്ച വിഡ്ഢിയുമാണ് .നൊന്തു പ്രസവിച്ച മകളെ തന്റെ ആശകൾക്കു പിന്നാലെ വിടാതെ അവളെ സ്വാതന്ത്യയാക്കി ഉയരങ്ങളിലേക്കു കൊണ്ടുപോവുകയായിരുന്നു .തന്റെ മകൾ ജനിച്ചപ്പോൾ അവളെ ഒരു നോക്കു കാണാതെ പോയതാണച്ചൻ എന്നാൽ ഒരു കുറവും വരാതെ ഞാൻ ആ മാലാഖകുട്ടിയെ നോക്കി .ഉന്നത പഠനത്തിന് ശേഷം വിവാഹവും പിന്നീട് അവൾ തന്നെ ഒഴിവാക്കുകയായിരുന്നോ ?വെറുക്കുകയായിരുന്നോ ഒടുവിൽ അവൾ ഓർത്തിരിക്കാം ഈ ഭാരതത്തെ ഒഴിവാക്കാൻ വൃദ്ധസദനങ്ങളിലേക്കു തള്ളാമെന്നു .

ആ വൃദ്ധയുടെ ചിന്തകളെ മുറിച്ചു കൊണ്ട് നാരായണി വന്നു .പല്ലുകൾ കൊഴിഞ്ഞ ,പൊക്കം കുറഞ്ഞ ,ചുക്കി ചുളിഞ്ഞ അവർ ചിരിച്ചുകൊണ്ടാണ് അകത്തു കയറി വന്നപ്പോൾ തന്നെ ജാനുവേ ...എന്നൊരു വിളിയുമായി വൃദ്ധസദനത്തിലെ കട്ടിലിലിരുന്നു .അവരുമായി വെടി പറഞ്ഞിരിക്കുന്നത് വൃദ്ധയായ ജാനുവിനും ഇഷ്ടമായിരുന്നു .ജാനുവമ്മ അവിടെ വന്നപ്പോൾ കൂട്ട് നാരായണിയായിരുന്നു .നാരായണി താൻ വായിച്ച വാരികയിലെ കഥ പറഞ്ഞിരിക്കുമ്പോൾ ഒരു സ്ത്രീ ജാനുവമ്മയേ കാണാൻ മകൾ വന്നിരിക്കുന്നു എന്നു പറഞ്ഞു .ജാനു സന്തോഷിച്ചു .അപ്പോൾ ഒരു പക്ഷി ആഹ്ലാദത്തോടെ പറന്നു .ജാനു മകളുടെ അടുത്തേയ്ക്ക് ഓടിയെത്തി .മകളെ കണ്ടിട്ട് വർഷം എട്ടായിരുന്നല്ലോ .എന്നാൽ മകൾ വലിയ സന്തോഷവതിയായിരുന്നില്ല .ജാനു കാര്യം തിരക്കി .അവൾ പറഞ്ഞു അർജുനേട്ടന്റെ ബിസിനസ് പൊളിഞ്ഞു കുറച്ചു കാശിന്റെ അത്യാവശ്യമുണ്ടായിരുന്നു .സ്വത്തു പകുത്തു നൽകാൻ അമ്മയുടെ ഒരു ഒപ്പു വേണം .മുഖത്തടിച്ചതുപോലെ അവൾ പറഞ്ഞതു ജാനു ഞെട്ടലോടെ നോക്കി .ആഹ്ലാദത്തോടു പറന്നു വന്ന പക്ഷി ഇപ്പോൾ പിടഞ്ഞു മരിക്കുകയാണ് .ജാനുവിന് തന്റെ കൊച്ചുമക്കളെ കൊഞ്ചിക്കണം എന്നു ആഗ്രഹമുണ്ടായിരുന്നു .എന്നാൽ തന്റെ മകൾക്കിപ്പോൾ തന്റെ ഒപ്പു മാത്രം മതിയല്ലോ ജാനു എതിർക്കാതെ ആ ആഗ്രഹം നടത്തിക്കൊടുത്തു .
പകലു വന്നു ,രാത്രി വന്നു ,വസന്തം വന്നു ,വേനൽ വന്നു ,അങ്ങനെ കാലം നീങ്ങി .ഒരിക്കൽ കൂടി തന്റെ മകൾ ആ അമ്മയെ കാണാൻ അവിടെയെത്തി .അമ്മ മരണപ്പെട്ടിരിക്കുന്നു എന്നു അവിടത്തെ ഒരു ഉയർന്ന ഉദ്യോഗസ്ഥ പറഞ്ഞു .എന്നാൽ 'അമ്മ മരണ സമയത്തു എഴുതിയ ഒരു കത്തു മകൾക്കു നൽകി .അവളതു വായിച്ചു .'മകളെ ,നിന്നോട് 'അമ്മ അവസാനമായി പറയുന്ന കാര്യങ്ങളാണിവ -കുറച്ചു കാലങ്ങൾക് ശേഷം നിന്റെ മകൾ ഒരു ഒപ്പിനായി മാത്രം അനാഥാലയത്തിൽ എത്തും .അതിനായി ഒരൊപ്പ് കരുതി വയ്ക്കുക ,മകളെ ഇതു നിനക്കു വേണ്ടി'' എന്ന് ,അമ്മ .

# BEAUTY OF MATHS

0*9+1=1

1*9+2=11

12*9+3=111

123*9+3=1111

1234*9+3=11111

12345*9+3=111111

123456*9+3=1111111

1234567*9+3=11111111

12345678*9+3=111111111

123456789*9+3=111111111

## പരീക്ഷകളെ പേടിക്കേണ്ടതുണ്ടോ

കുട്ടികളുടെ പഠനസമയങ്ങളിൽ രക്ഷിതാക്കൾക്കു പിന്തുണ നല്കാൻ കഴിയുക എന്നത് വളരെ പ്രധാനമാണ് .
മൊബൈൽ സാങ്കേതികവിദ്യയുടെസഹായത്തോടെസമഗ്രയിലെ വിഭവങ്ങളും പാഠപുസ്തകങ്ങളിൽ ഉള്പ്പെടുത്തിയിട്ടുള്ള ക്യൂ ആർ കോഡുമായി ലിങ്ക് ചെയ്തിട്ടുള്ള വിഭവങ്ങളും ഇക്കാര്യത്തിൽ പ്രയോജനപ്പെടുത്താൻ കഴിയും..ഇതിനെ പറ്റി ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി **പ്രൊഫസർ സി രവീന്ദ്രനാഥ്** നൽകുന്ന സന്ദേശം.
കടപ്പാട് മനോരമ ആഴ്ച്ചപ്പതിപ്പ്

തേൻകുരുവി സൂപ്പർ ആർക്കിടെക്ട്
**ശ്രീജിത്ത് പെരിഞ്ഞനം**
കുരുവി കൂട്ടു തയാറാക്കുന്ന വീഡിയോ

# സൂസൻ ചെറിയാന്റെ ഒസ്യത്ത്

നന്മനിറഞ്ഞ മറിയമേ നിനക്ക് സ്വസ്തി ജപമാലയിലെ കുരിശിൽ മുത്തി സന്ധ്യാനേരത്തെ പ്രാർത്ഥന അവസാനിക്കുമ്പോൾ ഫോൺ ബെൽ മുഴങ്ങി .കഴിഞ്ഞ പതിനാറു വർഷമായി മാറ്റമില്ലാതെ തുടരുന്ന ചടങ്ങു :സ്റ്റേറ്റ്സിൽ നിന്ന് മകന്റെ ഫോൺ കാൾ .ഏകാന്തതയുടെ മരവിപ്പുമായി ലയിച്ചുചേർന്ന തന്റെ ജീവിതത്തിൽ ഈ ഫോൺ ബെൽ അപശ്രുതി ഉണർത്തുന്നതായി സൂസൻ ചെറിയാനു തോന്നി .യാന്ത്രികമായി ഫോൺ എടുത്തു .പതിവു പല്ലവി കാതിലെത്തി ."മമ്മി എന്തിനു ഒറ്റയ്ക്ക് ആ വീട്ടിൽ കഴിയണം ?നാട്ടിലെ വാർത്തകൾ കേൾക്കുമ്പോൾ എനിക്കാകെ പേടിയാകുന്നു .മമ്മി,മമ്മി നിർബന്ധമായും സ്നേഹസദനത്തിലേക്കു മാറണം .ഞാൻ ഇന്നലെയും ഫാദർ മാർട്ടിനെ വിളിച്ചു പറഞ്ഞിരുന്നു ."മറുപടി പറയാൻ വാക്കുകളില്ലാതെ ഫോൺ താഴെവെച്ചു ."മമ്മീ ,മമ്മി .....''വീണ്ടും ഫോൺ ശബ്ദിച്ചുകൊണ്ടിരുന്നു .

നീണ്ട അൻപത്തിയെട്ടു വർഷങ്ങൾ

വിശ്വസിക്കാൻ കഴിയുന്നില്ല .ചെറിയാച്ചന്റെ വിറയാർന്ന കൈകളിലെ 'മിന്നു 'ഇന്നും മനസിലുണ്ട് .ഏതു തിരക്കുകൾക്കിടയിലും ഇച്ചായൻ തന്നോടൊപ്പം ചെലവഴിക്കാൻ സമയം കണ്ടെത്തിയിരുന്നു .വിത്സന്റെ ജനനത്തോടെ ആനന്ദം പൂർണതയിലെത്തി .സൂസൻ വില്ലയിലെ ജീവിതത്തിന്റെ ശ്രുതിലയം ആരിലും അസൂയ ഉളവാക്കിയിരുന്നു .സിന്ധുബാറിലെ തണുത്ത രാത്രി .വിണ്ണിൽ നാഥൻ ഭൂജാതനായ രാത്രി .പാതിരാ കുർബാനയ്ക്കു പോകാൻ ഒരുങ്ങി നിൽക്കാൻ പറഞ്ഞു ടൗണിലേക്ക് പോയ ചെറിയാച്ചന്റെ ചിന്നിച്ചിതറിയ ശരീരഭാഗമാണ് പിന്നീട് കണ്ടത് .ഏതോ കള്ളക്കടത്തുകാരുടെ ലോറിയുടെ ചക്രങ്ങൾ ചവച്ചരച്ച ശരീരം .അന്ത്യ ചുംബനം നൽകിയതും താൻ തളർന്നുവീണു .പിന്നീട് ഉണരുമ്പോൾ ആകെ മരവിപ്പായിരുന്നു . ബന്ധുക്കളും

സുഹൃത്തുക്കളും ഒഴിഞ്ഞ വീട്ടിൽ ഒടുവിൽ താനും വിത്സനും മറിയ ചേട്ടത്തിയും മാത്രം .മാറിയച്ചേടത്തിയുടെ സാന്ത്വനം മനസിന്റെ മരവിപ്പിനെമാറ്റി . ഇതാണ് ജീവിതം . വിത്സനെ ഒരു കരയ്ക്കടിപ്പിക്കുവാൻ ഇനി ചെറിയാച്ചനില്ല ,താൻ തന്നെ വേണം . ബിസ്സിനസ്സിൽ ശ്രമിച്ചില്ലെങ്കിൽ തന്റെ കുഞ്ഞു പട്ടിണിയുടെ രുചിയറിയേണ്ടിവരും .പിന്നീട് വല്ലാത്ത ധൈര്യം ആയിരുന്നു .പ്രതിസന്ധികളുടെ കോട്ടകൾ ആത്മവിശ്വാസത്തോടെ തകർത്തു മുന്നേറിയ വർഷങ്ങൾ !മറിയ ചേടത്തി ഒരു വേലക്കാരിയായല്ല,അമ്മയായി എന്നും ധൈര്യം പകർന്നു. വിൽസൺ പൊലിമർത്താക്കമിസ്ട്രയിൽ ഒന്നാം റാങ്കോടെ വിജയിച്ചപ്പോൾ തന്റെ പ്രയത്നം സഫലമായി എന്നാശ്വസിച്ചു ഒടുവിൽ അവൻ സ്റ്റേസിലേക്കു പോകാൻ തീരുമാനിച്ചപ്പോൾ തകർന്നുപോയി .എന്നും ഒറ്റപ്പെടാൻ മാത്രമാണോ വിധി !

"മമ്മി ,എന്താണീ പറയുന്നത് ?എനിക്കെന്റെ കരിയർ ആണ് വലുത് .ഈ നാട്ടിൽ നിന്നാൽ ഞാനും തനി കൺട്രി ആയി ജീവിക്കേണ്ടിവരും "

അപ്പോൾ താനും ചെറിയാച്ചനമൊക്കെ .....പറയാൻ തോന്നിയതു പറഞ്ഞില്ല .അവന്റെ മുഖത്തെ ദൃഢനിശ്ചയം കണ്ടപ്പോൾ അവൻ തന്നെക്കാൾ എത്രയോ ഉയരങ്ങളിലാണെന്നു ബോധ്യമായി .ഒരു സന്ധ്യയിൽ ഫോൺ വന്നപ്പോൾ അവൻ പറഞ്ഞു "മമ്മി ,ഞാൻ എന്റെ ലൈഫ് പാർട്ണറെ കണ്ടെത്തി .റൂട്ട് ചെങ്ങന്നൂരാണ് ,പക്ഷെ ഫാമിലിയായി ഇവിടെ സെറ്റിൽഡാണ് .'ബെട്സി 'ഞാൻ തീരുമാനിച്ചു ".ഫോൺ കൈയിലിരുന്നു വിറച്ചു !താൻ തീരുമാനിച്ചു .പിന്നെ എന്തിനു എന്നെ ....നാളെ ക്രിസ്മസ് .തെരുവുകളിൽ കരോൾ ഗാനങ്ങൾ മുഴങ്ങുന്നു .എന്റെ ഇച്ചായൻ എന്നെ പിരിഞ്ഞിട്ടു പതിനേഴാം വർഷം .സൂസൻ ചെറിയാൻ ഊണമേശക്കരിക്കലെത്തി .മറിയച്ചേടത്തി ഭക്ഷണം



വിളമ്പിവെച്ചിട്ടുണ്ട് .ചേടത്തി പള്ളിയിൽ പോയിരിക്കുന്നു ,മുറ്റത്തെ നക്ഷത്രവിളക്കിന്റെ ചുവന്ന വെളിച്ചം .ജനാല ചില്ലുകളിലൂടെ ഊണുമുറിയിലെത്തി .

സൂസൻ തന്റെ കിടപ്പുമുറിയിലെത്തി .മെല്ലെ കിടക്കയിലേക്ക് ചാഞ്ഞു . പാതിരാ കുർബാന കഴിഞ്ഞു എത്തിയ മാറിയചേടത്തി വാതിൽ തുറന്നു അകത്തു കയറുമ്പോൾ പതിവില്ലാതെ സൂസന്റെ മുറിയിൽ വെളിച്ചം .മുറിയിലെത്തിയ മറിയ ചേടത്തി ആ കാഴ്ച കണ്ട് ഞെട്ടി .തലയ്ക്കൽ മെഴുകുതിരി കൊളുത്തിവെച്ചു ഉറങ്ങുന്ന സൂസൻ .അരികിൽ ഒഴിഞ്ഞ സ്ലീപ്പിങ് പിൽസിന്റെ കുപ്പിയിൽ .തൊട്ടരികിൽ ഒരു കുറിപ്പ് .

പ്രിയപ്പെട്ട മകന് ,

ഞാൻ ഒരു അനാഥാലയത്തിലാണ് വളർന്നത് .ചെറിയാച്ചൻ എന്നെ വിവാഹം ചെയ്തപ്പോൾ ഞാൻ കുടുംബബന്ധങ്ങളുടെ വിലയറിഞ്ഞു .പക്ഷെ ഇപ്പോൾ ഞാൻ വീണ്ടും അനാഥയായിരിക്കുന്നു .ഇനിയും അനാഥാലയത്തിലേക്കുള്ള യാത്ര നിനക്കും അപമാനമാണ് .എന്റെ എല്ലാ സ്വത്തുക്കളും നിനക്കായി നൽകുന്നു .

ഒത്തിരി സ്നേഹത്തോടെ മമ്മി

സൂസൻ ചെറിയാൻ

ANIL KUMAR (TEACHER)

# FAMOUS QUOTATIONS OF Dr. APJ ABDUL KALAM

1. "Excellence is a continuous process and not an accident."

2. "You cannot change your future, but you can change your habits, and surely your habits will change your future."

3. "Success is when your Signature changes to Autograph."

4. "Don't read Success stories, you will get only message
   Read Failure stories, you will get some ideas to get success."

5. "The best brains of the nation may be found on the last benches of the classroom."

6. "If you want to Shine like a sun, first Burn like a sun."

7. "Your best teacher is your last Mistake."

8. "All birds find shelter during a rain, but eagle avoids rain by flying above the clouds."

9. "Man needs difficulties in life because they are necessary to enjoy success."

10. "One best book is equal to hundred good friends, but one best friend is equal to a Library."


By,
Aswathy MS
IX.A

# पर्यावरण सुरक्षा



पर्यावरण शब्द परि +आवरण के संयोग से बना है। परि का अर्थ है परिवेश
दूसरे शब्दों में कहे तो पर्यावरण का अर्थ है हमारे आसपास का वातावरण इस में भूमि,जल,वायु,तापमान,प्काश सभी का समावेश है यह जीवन को आधार देनेवाली एक तरीका हैहै. जीवन और पर्यावरण एक ही सिक्के के धो भाग है.इसलिए पर्यावरण के बिना जीवन असम्बव है
के शे में नये अविष्कारों के कारण आज  पकृति पर संपूर्ण विजय करना चाहता है इस कारण प्रकृति का संतुलन बिगड़ गया है इसलिए तंदुरुस्ती एवं उन्नति को कदम मिलकर चलना चाहिए पर्यावरण संरक्षण को ध्यान मेम रखकर सन 1992 मेम बरसील मेम विश्व के 174 देशों का पृध्वी सम्मेलन आयोजित किया गया अपने वहत्तर कल के लिए 5 जून को समस्त विश्व  परयवरण दिवस मनाया जा रहा है
पर्यावरण प्रदूषण के कुछ दूरगामी दुष्प्रभाव हैजो अतीव घातक है ओजोन परत की हानी ,वायु मंडल का तापमान बढ़ना ,बड़े बड़े कारखानों से बाहर निकलने विषैले जल बढ़ रही है

GEETHAMANI VK (Teacher)



# *DREAM*

*In the cradle of sweet dreams*
*I was Sinking and Sinking.*
*And in the depth of my dreams,*
*I beheld an illumined Star.*
*He was brighter than my Mid- Day-Sun.*
*He spoke to me thus;*
*"Oh dear little lad,*
*I see your formless heart*
*I hear your inquisitive pleas*
*Calm your mind, return to thyself*
*You can see the one you seek"*
*The gleam was bright, it blinked my eyes*
*A gentle breeze passed by me,*
*Yet I could feel again and again-*
*The Solitariness of my thoughtful nights.*
*Nothing could quench my probings*
*The gleam is now still more bright*
*The breeze carries fragrance of faith and hope*
*I turned inward and looked into my heart*
*And realized the visionary gleam*
*It saw myself bathed in a shower of blessings*
*But woke up and found-*
*Everything vanished into the thin air*
*Was it all an illusion, a dream?*

-BAIJU BASTIN (TEACHER)


# മൊഴി മുത്തുകൾ

സുജ ടീച്ചർ

ദിവസങ്ങൾ ഓരോന്നായി പറന്നു പോകും .ഒന്നിനെയും ഒരിക്കൽപലും ഒരാൾക്കും ഒന്ന് പിടിച്ചു നിർത്താനാവില്ല .അങ്ങനെ ഒരു വര്ഷം ഒരു സ്വപ്നം പോലെ കടന്നു പോകും .പത്തുവയസുകാരൻ പതിനൊന്നിലേക്കു കടക്കും .ഇരുപതുകാരി ഇരുപത്തൊന്നിലെക്കു കടക്കും .

അതിനാൽ ഓരോ ദിവസവും എത്തുമ്പോൾ നാമതിനെ സ്വീകരിക്കണം.അന്ന് ചെയ്യേണ്ടതൊക്കെ ചെയ്യണം .നേട്ടങ്ങളും കോട്ടങ്ങളും വിലയിരുത്തണം .അതി വേഗമൊരു ഓഡിറ്റിങ് നടത്തണം .ഞാൻ എന്ന് എന്ത് നേടി ?എത്ര മുന്നോട്ടു പോയി?തന്നോട് തന്നെ ചോദിക്കണം .

നേട്ടമില്ലാത്ത ദിവസമായി പോയെങ്കിൽ നിരാശപ്പെടേണ്ട .പരാജയത്തിന്റെ,വീഴ്ചയുടെ കണക്കറിഞ്ഞാൽ മതി.വിജയങ്ങളിൽ ആഹ്ലാദിക്കാം .....അഭിമാനിക്കാം.....നാളെ കൂടുതൽ നേട്ടങ്ങൾ നേടുമെന്ന് നിശ്ചയിക്കാം



# BACK TO THE PAST

1.who was the french commander who had managed to conquer much of south india in the eighteenth century?

_Dupleix

2.who was the son of Haider Ali who fought the british valiantly,but was finally defeated in 1799?

_ Tipu Sultan

3.which french ruler invaded Egypt,because he wanted to clear the route to come and conquer india ?

_Napoleon

4.what was the name of the british fort in chennai, from wwhere they governed south india ?

_Fort st.George

5.which city is famous for its grand royal vijayadashami celebrations ?

_Mysore

6.The only American involved in the struggle was the person who brought apples to Himachal pradesh.can you name him ?

-Samuel(sathyananda)stokes

7.In 1919,under whose orders was the brutal and unprovoked massacre at jallianwala Bagh in  Amritsar,Punjab, carried out ?

_General Reginald Dyer

8.On the midnight of August 14_15 ,1947 Jawaharlal Nehru addressed the constituent Assembly in New Delhi with a historic speech.What is it called ?

_Tryst with Destiny.

# ईश्वर को सलाम

सलाम दें  सलाम दें
बार बार सलाम दें,
प्यार हमारा को
जीवन दाता को
हरा को
पोषण करते पानी मिट्टी
हवा को हम सलाम  दें
तारे सूरज धरती को
हम सलाम दें
चाँद चाँदनी को सलाम दें
नदि नालों को सलाम दें
सागर समूद् को  दें
सब को दाता ईश्वर को
 हम बार बार  सलाम दें

बाल कविता
गीतमणि वी के
अध्यापिका

# CELEBRATIONS














SCHOOL ANNIVERSARY










ഗവ: ഹയർ സെക്കന്ററി സ്കൂൾ
പറവൂർ






# ACHEIVEMENTS 2019-20

USS :VINEETH P DAS,SOCIAL SCIENCE FAIR STATE LEVEL
**A GRADE**






ശാസ്ത്രമേള ഗണിത ക്വിസ് രണ്ടാം സ്ഥാനം :
അശ്വിൻ അഞ്ചു



ശാസ്ത്രമേള സയൻസ് ക്വിസ് രണ്ടാം സ്ഥാനം :സൗരവ് വി നായർ



ലൈബ്രറി കൌൺസിൽ താലൂക്ക് തലം കവിതാരചന ഒന്നാം സ്ഥാനം:വിനയ് പി






കാർട്ടൂൺ ഒന്നാം സ്ഥാനം :നിഖിൽ പി സുരേഷ്



ലൈബ്രറി കൌൺസിൽ താലൂക്ക് തലം കവിതാരചന ഒന്നാം സ്ഥാനം:വിനയ് പി





കാർട്ടൂൺ ഒന്നാം സ്ഥാനം :നിഖിൽ പി സുരേഷ്



സാഹിത്യ  ക്വിസ് ഒന്നാം :വിനയ് പി ,ഹൃദ്യ പി ബാസ്റ്റിൻ

ശാസ്ത്രമേള സബ്ജില്ല യു പി വിഭാഗം വിജയികൾ

NUMBER CHART :NIKHIL SURESH



GEOMETRICAL CHART :FATHIMA S

PUZZLES :DEVANANDA SANTHOSH
ELOCUTION :AMULYA S
IMP.EXPERIMENTS : SREYA PRADEEP

SWANTHANA SAJI

MALAYALAM TYPING :ROHITH R
COCONUT SHELL :SOORAJ SUNIL KUMAR

COIR DOOR MAT :VIGNESWAR



FABRIC PAINTING :KRISHNAVENI
VEGETABLE PAINTING :DEVAPRIYA
WASTE MATERIAL :ANJANA RAMESH
WOOD WORK :SREEDEV V R



വിദ്യാരംഗം ജില്ലാതല സാഹിത്യക്വിസ്.....ഒന്നാം സ്ഥാനം -ഹൃദ്യ ബാസ്റ്റിൻ

വിനയ് പി

വായനപക്ഷചരണജില്ലാതലസാഹിത്യക്വിസ് .വിനയ് പി

പ്രതിഭോത്സവം ജില്ലാതല നാലാം സ്ഥാനം: അമർനാഥ് എം ബൈജു

ജനയുഗം ക്വിസ് ജില്ലാതലം മൂന്നാം സ്ഥാനം : അമർനാഥ് എം ബൈജു



അക്ഷരമുറ്റം സബ്ജില്ലാതലം നാലാം സ്ഥാനം : അമർനാഥ് എം ബൈജു

സാമൂഹ്യശാസ്ത്രം ,മലയാളം ക്വിസ് മത്സരങ്ങളിൽ വിവിധ ലൈബ്രറികൾ നടത്തിയ മത്സര വിജയി :അമീന മുഹമ്മദ് അലി

സാമൂഹ്യശാസ്ത്ര ടാലെന്റ്റ് എക്സാം സബ്ജില്ലയിൽ രണ്ടാം സ്ഥാനം :ദേവദർശൻ



Ameena and DEVADARSAN

സംസ്ഥാന സാമൂഹ്യശാസ്ത്ര മേളയിൽ എ ഗ്രേഡ് :വിനീത് പി ദാസ്

സഫർ

ആലപ്പുഴ സാമൂഹ്യശാസ്ത്രകൗൺസിലും ജില്ലാപഞ്ചായത്തും ചേർന്നുള്ള പ്രാദേശികചരിത്രരചനയിൽ-പറവൂർ പബ്ലിക്ക് ലൈബ്രറിയെക്കുറിച്ചുള്ള ചരിത്രം രചിച്ചുകൊണ്ട്

വിനീത് പി ദാസ് ,സഫർ എന്നിവർ പങ്കാളികളായി



തായ്ക്കോണ്ട ജൂനിയർ വിഭാഗം സിൽവർ മെഡൽ :അഖ്യാസ് മുഹമ്മദ്

മലയാളം ടൈപ്പ് റൈറ്റിങ് സബ്ജില്ലാതലം എ ഗ്രേഡ് ദേവദർശന എം ജെ




ശാസ്ത്രമേള സബ്ജില്ല ജോമെട്രിക്കൽ ചാർട്ട് എ ഗ്രേഡ് വിഷ്ണമായ എം

**sports**










AKYAS
KERALA State School TAEKWONDO Sub Junior Boys 2nd Prize


ARJUN LAL
KERALA State School Senior KABADDI 2nd Prize


MIDHUN
ALAPPUZHA Sub District ATHLETIC MEET
5km WALK 2nd Prize


LAKSHMI
ALAPPUZHA Sub District KARATE Senior Girls


SISIRA
ALAPPUZHA Sub District KARATE Senior Girls


NIJNA NIZAM
ALAPPUZHA Sub District ATHLETIC MEET
Junior Girls JAVELIN THROW 2nd Prize


SACHU BOBBY
ALAPPUZHA Sub District FOOTBALL Team MEMBER


NIVEDHYA
ALAPPUZHA Sub District ATHLETIC MEET
600m . 400m 3rd Prize



ALAPPUZHA District Junior Girls KABADDI Winners



ALAPPUZHA sub District KABADDI Runners



SHARANYA

ALAPPUZHA Sub District ATHLETIC MEET
1500m 3rd Prize



RIYA

KERALA State School TAEKWONDO Junior 5th Position



AFREEN

KERALA State School TAEKWONDO Junior Boys GOLD MEDEL



INOVA MATHEW

TAEKWONDO District 1st